ബോധ്യംവരത്തക്കവിധത്തിൽ, യുക്തിയുക്തമായിരുന്നു തങ്ങളുടെ പ്രചാരണമെന്നു് സ്ത്രീമുക്തിയാത്ര സംഘടിപ്പിച്ചവർ അവകാശപ്പെടുന്നു.

കേരളത്തിലെ ജനസംഖ്യയിൽ പകുതിയിൽ കുറച്ചു കൂടുതലാണു് സ്ത്രീകൾ. വിദ്യാഭ്യാസത്തിലോ അധ്വാനശീലത്തിലോ കേരളത്തിലെ പുരുഷന്മാരേക്കാൾ ഒട്ടും പിറകിലല്ല ഇവിടത്തെ സ്ത്രീകൾ. എന്നിട്ടും കേരളത്തിൽ സ്ത്രീയുടെ സാമൂഹ്യപദവി എന്താണു്? കുടുംബത്തിന്റെ ആകെ വരുമാനത്തിൽ സ്ത്രീക്കുവേണ്ടി ചെലവഴിക്കപ്പെടുന്നതു് എത്ര ശതമാനമാണു്? പുരുഷനു് ഇവിടെയുള്ള സുരക്ഷാബോധം സ്ത്രീക്കു് കൈവന്നിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ഭാരതീയ സ്ത്രീകൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണു്. അതോടൊപ്പംതന്നെ, സ്ത്രീകളുടെ പദവിയെപ്പററി പുരുഷന്മാരേയും ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യത്തിലേക്കാണു് സെയ്ന്റ് സ്റ്റീഫൻസിലെ 'കോഴിപ്പട്ടിക'കൾ വിരൽ ചൂണ്ടുന്നതു്.

12 ഫെബ്രുവരി, 1985

# 33. സ്ത്രീധനം

പിതൃകുടുംബത്തിൽനിന്നു് ഭർതൃകുടുംബത്തിലേക്കു് വേണ്ട അളവിൽ സ്ത്രീധനം കൊണ്ടുവരുന്നതിൽ പരാജയപ്പെട്ട അറുന്നൂററിത്തൊണ്ണൂറു് യുവതികൾ 1983-ാമാണ്ടിൽ ഡൽഹിനഗരത്തിനകത്തു് തീയെരിച്ചു കൊല്ലപ്പെട്ടതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 'സ്ത്രീവികസനപഠനകേന്ദ്ര'ത്തിന്റെ (സെന്റർ ഫോർ വിമൻസ് ഡവലപ്പ്മെന്റ് സ്റ്റഡീസ്) ആഭിമുഖ്യത്തിൽ ഡൽഹിയിലെ 'തീൻമൂർത്തി ഹൗസി'ൽ നവംബർ 9-ാം തീയതി 'സ്ത്രീധന'ത്തെപ്പററി പ്രസിദ്ധ സമൂഹശാസ്ത്രജ്ഞനായ ഡോ. എം. എൻ. ശ്രീനിവാസ് പ്രസംഗിച്ച ഒരു യോഗത്തിൽ പ്രൊഫസർ ലതിക സർക്കാർ പ്രസ്താവിച്ചതാണു് ഈ വിവരം. ഈ പ്രസ്താവന വിശ്വസിക്കുവാൻ നമുക്കു് സ്വാഭാവികമായും പ്രയാസമുണ്ടാകും. കാരണം, ഇത്രയധികം ക്രൗര്യവും ബർബരതയും ധനമോഹവും ഭാരതീയജനതയിൽ കുടികൊള്ളുന്നുണ്ടു് എന്ന ധാരണ നമുക്കില്ലല്ലോ. എങ്കിലും, ഈ പ്രസ്താവന ചെയ്ത വ്യക്തിയും അതു ചെയ്യപ്പെട്ട സന്ദർഭവും അതിന്റെ സത്യാവസ്ഥയ്ക്കു മതിയായ ഗ്യാരണ്ടി നൽകുന്നുണ്ടു്. ഇത്രയും നിഷ്ഠുരവും അപരിഷ്കൃതവുമാണു് ഹിന്ദുസമൂഹമെങ്കിൽ, ഹിന്ദുക്കളുടെ ചിരപുരാതനമായ സമൂഹസംസ്കാരത്തെപ്പററി അഗാധമായ ഒരു പുനർവിചിന്തനം ആവശ്യമായിരിക്കുന്നു. ഈ നരബലികളത്രയും നടന്നതു് രാഷ്ട്രത്തിന്റെ തലസ്ഥാനനഗരിയിലാണെന്നും, പരിഷ്കാരം ഇനിയും തൊട്ടുതീണ്ടാത്ത ഏതെങ്കിലും വിദൂരഗ്രാമത്തിലല്ലെന്നുംകൂടി ഓർക്കുമ്പോഴേ പ്രശ്നത്തിന്റെ പൂർണഗൗരവം നമുക്കു് വെളിപ്പെടുകയുള്ളു.

പൂർണമായും ഇതൾ വിരിയുംമുമ്പു് തീയിൽ വെന്തെരിഞ്ഞുപോയ ആ അറുന്നൂററിത്തൊണ്ണൂറു യുവതികളിലൊരുത്തി നിങ്ങളുടെ പുത്രിയാണെന്നു സങ്കല്പിച്ചുനോക്കുക. എത്രയധികം വാത്സല്യമാണു് രണ്ടു പതിററാണ്ടു കാലത്തോളം അവളിൽ നിങ്ങളും നിങ്ങളുടെ കുടുംബവും ചൊരിഞ്ഞുവന്നതു്! എത്രയധികം ആകാംക്ഷയോടെയാണു് അവളുടെ കായികവും ബുദ്ധിപരവും ആത്മീയവുമായ വളർച്ച നിങ്ങൾ നാൾതോറും നിരീക്ഷിച്ചുവന്നതു്! ഒടുവിൽ എത്രയധികം പ്രതീക്ഷകളോടെയാണു്, സർവ്വഥാ സ്പൃഹണീയനെന്നു നിങ്ങൾ വിശ്വസിച്ച ആ യുവാവിനു്

അവളെ അഗ്നിസാക്ഷികമായി വിവാഹംകഴിച്ചുകൊടുത്തതു്! പക്ഷേ, അയാളുടെ മാതാപിതാക്കൾ ആവശ്യപ്പെട്ട തുകയോ സാധനസാമഗ്രികളോ ഒററയടിക്ക കൊടുത്തുതീർക്കാൻ അല്പസമ്പാദ്യക്കാരനായ നിങ്ങൾക്ക സ്വാഭാവികമായും, സാധിച്ചില്ല. അല്ലെങ്കിൽ, കൂടുതൽകൂടുതൽ പുതിയ ആവശ്യങ്ങൾ അയാളുടെ കുടുംബക്കാരിൽനിന്നു് പിന്നെപ്പിന്നെ ഉയർന്നു വന്നുകൊണ്ടിരുന്നു. പ്രഥമസൗകര്യത്തിൽ ഈ ബാധ്യതകൾ നിറവേററിക്കൊള്ളാമെന്നു പ്രതിജ്ഞചെയ്തു്, ആ പ്രതിജ്ഞ ആത്മാർത്ഥമായി നടപ്പിൽവരുത്തുന്നതിനുള്ള കഠിനാദ്ധ്വാനത്തിൽ മുഴുകിക്കഴിയുകയായിരുന്നു നിങ്ങൾ. അപ്പോഴാണു് ഒരു ശപിക്കപ്പെട്ട പുലരിയിൽ ആ ദാരുണമായ വാർത്ത നിങ്ങളുടെ ചെവിയിലെത്തുന്നതു്: നിങ്ങളുടെ പ്രിയപുത്രി ആസ്പത്രിയിലാണു്! വെളുപ്പിനു ഭർത്താവിനു ചായ അനത്താൻ അടുക്കളയിൽ കയറിയ അവൾക്കു് സ്റ്റൗ പൊട്ടിത്തെറിച്ചു് സർവ്വാംഗം പൊള്ളലേററിരിക്കുന്നു! മററെല്ലാ കൃത്യങ്ങളും മാററിവച്ചു് നിങ്ങൾ ആസ്പത്രിയിലോടിയെത്തുന്നു. അവിടെ നിങ്ങൾ കാണുന്നതു് നിങ്ങളുടെ വത്സല പുത്രിയുടെ പൊള്ളിവീർത്ത നിർജീവശരീരമാണു്. അഥവാ, അതുപോലും നിങ്ങൾക്ക കാണാൻ കിട്ടുന്നില്ല. അവളുടെ വിവാഹത്തിനു സാക്ഷിയായി നിങ്ങൾ സങ്കല്പിച്ച അഗ്നിഭഗവാൻ യഥാർത്ഥത്തിൽ സാക്ഷ്യംവഹിച്ചതു് അവളുടെ അകാലമരണത്തിനാണു്. ഈ ചിത്രം സാന്ദർഭികമായ വ്യതിയാനങ്ങളോടെ അറുനൂററിത്തൊണ്ണൂററാറു പ്രാവശ്യം നിങ്ങളുടെ മനസ്സിൽ 'സങ്കല്പി'ച്ചുനോക്കുക. ലോകതലസ്ഥാനങ്ങളിലൊന്നായി ഉയർന്നുകഴിഞ്ഞിട്ടുള്ള, സമ്പന്നവും മോഹനവുമായ, നമ്മുടെ തലസ്ഥാനത്തെപ്പററി ഇപ്പോൾ നിങ്ങൾക്കു് എന്തു തോന്നുന്നു? ഇതു് പക്ഷേ, തലസ്ഥാനനഗരിയിലെമാത്രം സ്ഥിതിയല്ല. ഈ മഹാരാജ്യത്തെ ആകെ ബാധിച്ചുകഴിഞ്ഞിട്ടുള്ള മഹാപാതകത്തിൻെറ ഒരു ചെറിയ പരിച്ഛേദമാണു്. ദേഹത്തെ മുഴുവൻ ഉള്ളിൽനിന്നു കാർന്നുതിന്നുന്ന ഒരു മഹാവ്യാധിയുടെ ബാഹ്യലക്ഷണമായ ഒരു വ്രണം മുഖത്തെന്നപോലെ, നമ്മുടെ തലസ്ഥാനനഗരിയിൽ നിങ്ങൾ പ്രത്യക്ഷത്തിൽ കാണുന്നതു്.

സ്ത്രീധനമെന്ന സാമൂഹിക രോഗത്തെപ്പററിയും, അതിനെ ഉന്മൂലനം ചെയ്യുന്നതിനു് അനുഷ്ഠിക്കേണ്ട സാമൂഹികചികിത്സയെപ്പററിയും ധാരാളം ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ടു്. വധുക്കൾ ജീവനോടെ വെന്തെരിയുന്നതിനു കാരണഭൂതരാകുന്ന വരന്മാരെയും അവരുടെ മാതാപിതാക്കളെ (ശ്വശ്രൂ—ശ്വശുരന്മാരെ)യും കഠിനശിക്ഷയ്ക്കു വിധേയരാക്കുക എന്നതാണു് ഈ പ്രശ്നത്തിനു നിർദേശിക്കപ്പെടുന്ന പ്രധാന പരിഹാരം. സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു നവോഢ മരിക്കുന്നപക്ഷം, തങ്ങൾ അവളെ കൊന്നതല്ലെന്നു തെളിയിക്കേണ്ട ഉത്തരവാദിത്തം അവളുടെ വരനിലും ശ്വശ്രുവിലും ശ്വശുരനിലും നിക്ഷിപ്തമാക്കണമെന്നുവരെ വാദിക്കപ്പെടുന്നുണ്ടു്. സ്ത്രീധന—നിയന്ത്രണ—നിരോധനിയമങ്ങൾക്കു് കൂടുതൽ വ്യക്തതയും ദൃഢതയും നൽകണമെന്ന ആവശ്യവും ഉന്നയിക്കപ്പെടുന്നുണ്ടു്. ശക്തമായ നടപടികൾ ഈ രംഗത്തു് കൈക്കൊള്ളാത്തതിനു് കേന്ദ്രഗവണ്മെൻറിൽ പഴിചാരുന്നവരും കുറവല്ല. സ്ത്രീധന സമ്പ്രദായത്തിനെതിരായി പഴുതുകളില്ലാത്ത നിയമങ്ങൾ നിർമിക്കുന്നതോടൊപ്പം, യുവജനങ്ങൾക്കിടയിൽ കരുത്തേറിയ ഒരു സാമൂഹ്യ പരിഷ്കരണപ്രസ്ഥാനം സംഘടിപ്പിക്കേണ്ടതിൻെറ ആവശ്യവും പലകുറി ആവർത്തിക്കപ്പെട്ടിട്ടുണ്ടു്.

സ്ത്രീധനസമ്പ്രദായമെന്ന തിന്മ എന്തുകൊണ്ടു് ഹിന്ദുസമൂഹത്തിൽ ഇത്രയേറെ ആഴത്തിൽ വേരോടിയിരിക്കുന്നുവെന്ന പ്രശ്നമാണു്, മുമ്പു് സൂചിപ്പിച്ച പ്രസംഗത്തിൽ ഡോക്ടർ ശ്രീനിവാസ് പരിശോധിച്ചു

നോക്കിയത്. ഹിന്ദുസമൂഹത്തിൽ ശതാബ്ദങ്ങളായി നിലനിന്നുവരുന്ന പാരമ്പര്യങ്ങളും ആചാരങ്ങളും സ്ത്രീധനസമ്പ്രദായത്തിന് അംഗീകാരം നൽകുന്നവയാണോ? പിഴുതുകളയുക അസാധ്യമാക്കുമാറ് സ്ത്രീധനസമ്പ്രദായം ഹിന്ദുസമൂഹത്തിൽ ആഴത്തിൽ വേരോടിയിട്ടുണ്ടോ?

'അല്ല' എന്നും 'ഇല്ല' എന്നുമാണ് ഈ ചോദ്യങ്ങൾക്ക് ഡോ. ശ്രീനിവാസ് നൽകിയ ഉത്തരം. സ്ത്രീധനസമ്പ്രദായം ഹിന്ദുസമൂഹത്തിന്റെ ഒരു പാരമ്പര്യത്തിനുമല്ല; മറിച്ച് ആധുനിക പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഫലമായി ഭാരതീയസമൂഹത്തിൽ വളർന്നുവന്ന ഒരു കളയാണ് അത്. അതിന് ഹിന്ദുമതത്തിലോ ഹൈന്ദവാചാരങ്ങളിലോ വേരുകളില്ല. അതിനാൽ സമൂഹതലത്തിലും നിയമതലത്തിലും ദൃഢമായ നടപടികൾ കൈക്കൊള്ളുന്നപക്ഷം ഈ ദുരാചാരത്തെ പൂർണമായും അവസാനിപ്പിക്കാവുന്നതേയുള്ളു എന്നത്രേ ഡോ. ശ്രീനിവാസിന്റെ അഭിപ്രായം.

പ്രാചീന ഭാരതീയസമൂഹങ്ങളിൽ നിലവിലിരുന്നത് ഇന്നു കാണുന്ന 'ഡൗറി' (അഥവാ 'വരദക്ഷിണ') അല്ല; അതിനു നേരെ വിപരീതമായ 'ബ്രൈഡ് പ്രൈസ്' (അഥവാ 'വധുശുല്കം') ആയിരുന്നു. അതായത് വിവാഹത്തിൽ ഇന്നു ചെയ്യുമ്പോലെ വരനെ വിലയ്ക്കു വാങ്ങുകയല്ല, മറിച്ച് വധുവിനെ വിലയ്ക്കു വാങ്ങുകയായിരുന്നു പഴയ ഭാരതീയ പാരമ്പര്യം. എഴുതപ്പെട്ട സ്മൃതികളിലും ഇതിഹാസപുരാണങ്ങളിലും മാത്രമല്ല, അലിഖിതങ്ങളായ സാമൂഹ്യമാമൂലുകളിലും ഇതിനു എത്രയെങ്കിലും തെളിവുകളുണ്ട്.

വധുവിനെ ലഭിക്കുന്നതിനുവേണ്ടി വരൻ വധൂപിതാവിന് വില നൽകുക എന്ന പഴയ സമ്പ്രദായം മാററിക്കളഞ്ഞ് അതിന്റെ സ്ഥാനത്ത് വധൂപിതാവ് വരനെ വിലയ്ക്കു വാങ്ങുകയെന്ന പുതിയ സമ്പ്രദായത്തെ, അതിന്റെ എല്ലാ തിന്മകളോടുംകൂടി, ഭാരതീയസമൂഹത്തിൽ പ്രതിഷ്ഠിച്ചത് ആധുനിക പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായമാണെന്ന് ഡോക്ടർ ശ്രീനിവാസ് സ്ഥാപിച്ചു. ആധുനികവിദ്യാഭ്യാസം നേടിയ വരന്മാർ ഏതാനും ദശാബ്ദങ്ങൾമുമ്പ് നമ്മുടെ സമൂഹത്തിൽ കുറവായിരുന്നു. അത്തരം വരന്മാർക്ക് ആവശ്യം വർധിച്ചതോടെ, വിവാഹച്ചന്തയിലെ വിലകൂടിയ ചരക്കുകളായിത്തീർന്നു അവർ. ഐ. സി. എസ്. ഉദ്യോഗസ്ഥന്മാർ, വക്കീൽമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ മുതലായവർ ഇന്ത്യൻ വിവാഹക്കമ്പോളത്തിൽ മോഹവിലയ്ക്ക് വാങ്ങപ്പെട്ടുതുടങ്ങി.

രണ്ടു കുടുംബങ്ങൾ തമ്മിൽ ഒരു പുതിയ ബന്ധം സ്ഥാപിക്കുന്ന അവസരമാണല്ലോ വിവാഹം. ഈ അവസരത്തിൽ ഈ കുടുംബങ്ങൾ പരസ്പരം സമ്മാനങ്ങൾ നൽകുകയെന്നത് ലോകമെങ്ങും നിലവിലുണ്ടായിരുന്ന ഒരു പഴയ ആചാരമാണ്. എന്നാൽ, ആധുനികവിദ്യാഭ്യാസം നേടിയ വരന്മാരുടെ വിവാഹത്തിൽ ഇത്തരം പാരമ്പര്യസമ്മാനങ്ങൾ മാത്രം പോരെന്ന നില ഇന്ത്യയിൽ വളരെവേഗം ഉളവായി. ആധുനിക വിദ്യാഭ്യാസം പെൺകുട്ടികൾക്കിടയിൽ മെല്ലെ മാത്രമേ പ്രചരിച്ചുള്ളു. അതിനാൽ ആൺകുട്ടികളുടെ അന്തസ്സ്, പെൺകുട്ടികളുടെ അന്തസ്സിനെ അപേക്ഷിച്ച്, ഇന്ത്യൻസമൂഹത്തിൽ വളരെ വേഗത്തിൽ ഉയർന്നു. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും അന്തസ്സുകൾ തമ്മിലുണ്ടായ ഈ അസന്തുലനം, വിവാഹസമ്മാനങ്ങളുടെ പാരസ്പരികപ്രവാഹത്തെ ഏകദിശാഭിമുഖമാക്കി മാററി. അങ്ങനെ 'കന്യാശുല്ക'ത്തിന്റെ സ്ഥാനത്ത് 'വരദക്ഷിണ' പ്രതിഷ്ഠിക്കപ്പെട്ടു. ആധുനിക സാങ്കേതികവിദ്യയുടെ ഫലമായി കടകളിലെത്തിയ എല്ലാ സാധനങ്ങളും—കാറ്, സ്കൂട്ടർ, ഫ്രിഡ്ജ്, ടി. വി. സെററ്, വീഡിയോ ആദി—വധൂപക്ഷത്തുനിന്നു വരപക്ഷത്തിലേക്ക് ഒഴുകിയെത്തിത്തുടങ്ങി.

തെക്കേ ഇന്ത്യയിലെ 'ഉയർന്ന' ജാതിക്കാർക്കിടയിലാണ് 'പെൺവില'യിൽനിന്ന് 'ആൺവില'യിലേക്കുള്ള ഈ മാററം ഇന്ത്യയിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടതെന്ന് ഡോ. ശ്രീനിവാസ് പറഞ്ഞു. 'താഴ്ന്ന' ജാതിക്കാർ 'ഉയർന്ന' ജാതിക്കാരെ അനുകരിക്കുകയെന്നതു് ഭാരതീയസമൂഹത്തിലെ ഒരു സാമാന്യനിയമമാണ്. അങ്ങനെ 'സ്ത്രീധന'മെന്ന തിന്മ ഏറെക്കുറെ ഹിന്ദുസമൂഹത്തിലെ എല്ലാ ജാതികളിലും പടന്നുപിടിച്ചു. സ്ത്രീധനസമ്പ്രദായത്തോടൊപ്പം, വധൂപിതാവിന്റെ സാമൂഹ്യ അന്തസ്സ് ഉയർത്തിക്കാട്ടുവാനായി, വിവാഹങ്ങളിൽ ആഡംബരങ്ങൾ അനുപേക്ഷണീയങ്ങളായും കരുതപ്പെട്ടു.

സ്ത്രീകൾ ആദായകരങ്ങളായ തൊഴിലുകളിലേർപ്പെടുന്നതോടെ അവരുടെ സാമൂഹികമായ അന്തസ്സ് ഉയരുകയും, അങ്ങനെ സ്ത്രീധനസമ്പ്രദായം തനിയെ അപ്രത്യക്ഷമാവുകയും ചെയ്യുമെന്ന വാദത്തോട് ഡോ. ശ്രീനിവാസ് യോജിച്ചില്ല. സ്ത്രീകൾ ജോലിചെയ്യുന്ന സമൂഹങ്ങളിലും സ്ത്രീധനസമ്പ്രദായം വേരുന്നിയിട്ടുണ്ടെന്ന വസ്തുതയാണ് ഈ വാദത്തിന് എതിരായി അദ്ദേഹം ചൂണ്ടിക്കാണിച്ചതു്. സ്ത്രീ–പുരുഷ അനുപാതത്തിൽ വന്ന വ്യത്യാസം (സ്ത്രീകളുടെ ആനുപാതികസംഖ്യാവർധന), പാശ്ചാത്യമാതൃകയിലുള്ള വിദ്യാഭ്യാസം, വിവാഹാവസരത്തിൽ ആവശ്യപ്പെടാവുന്ന ധനം, സമ്മാനങ്ങൾ മുതലായവ സംബന്ധിച്ച സങ്കല്പനത്തിൽ വന്ന വ്യത്യാസം തുടങ്ങിയവ സ്ത്രീധനസമ്പ്രദായത്തിന് നമ്മുടെ സമൂഹത്തിൽ ദൃഢപ്രതിഷ്ഠ നൽകി.

'ഉയർന്ന' ജാതിയിൽപ്പെട്ട വരനെ ലഭിക്കുകയെന്നതു് ഒരു ഭാഗ്യമായി ഹിന്ദുസമുദായം പൊതുവെ കരുതിവന്നിരുന്നു. 'അനുലോമവിവാഹം' എന്ന ഈ ആചാരത്തിന് സ്മൃതികളുടെ അംഗീകാരവുമുണ്ടായിരുന്നു. അതേസമയം, 'താഴ്ന്ന' ജാതിയിൽപ്പെട്ട ഒരു വരനെ സ്വീകരിക്കുകയെന്നതു് (പ്രതിലോമവിവാഹം) നിഷിദ്ധമായി കരുതപ്പെട്ടിരുന്നു. വധൂകുടുംബത്തിന്റെ സാമൂഹ്യമായ അന്തസ്സ് ഉയർത്താനുള്ള ഒരു മാർഗമായിരുന്നു 'ഉയർന്ന' ജാതിയിൽപ്പെട്ട ഒരു വരനെ തിരഞ്ഞെടുക്കൽ. ഈ പരിതഃസ്ഥിതിയിൽ, 'ഉയന്ന' ജാതികളിൽപ്പെട്ട വരന്മാർക്കു കൂടുതൽ പ്രിയം വിവാഹച്ചന്തയിൽ അനുഭവപ്പെട്ടുവന്നു. 'ഉയർന്ന' ജാതികളിൽപ്പെട്ട പെൺകുട്ടികൾക്കാകട്ടെ വരന്മാരെ ലഭിക്കുക പ്രയാസമായും തീർന്നു. അതേസമയം, സ്ത്രീകൾക്ക് അനുപേക്ഷണീയമായ ഒരു സംസ്കാരമായി വിവാഹം കരുതപ്പെട്ടു. പുരുഷന് ബ്രഹ്മചാരിയായും ജീവിക്കാം. പക്ഷേ, സ്ത്രീക്കു് കുടുംബിനീപദവി ഏറെക്കുറെ നിർബ്ബന്ധിതമായിരുന്നു. ചില ജാതികളിൽ പ്രഥമാർത്തവത്തിനു മുമ്പുതന്നെ പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാത്ത കുടുംബങ്ങൾക്ക് പാതിത്യംപോലും കല്പിക്കപ്പെട്ടിരുന്നു. ഹിന്ദുക്കളിൽ 'ഉയർന്ന' ജാതിക്കാർക്കിടയിൽ 'പെൺവില' നൽകുന്ന സമ്പ്രദായം അസ്തമിച്ച് ഇന്നത്തെ രീതിയിൽ 'ആൺവില' വസൂലാക്കുന്ന സമ്പ്രദായം പ്രാബല്യത്തിൽവന്നതു് ഇത്തരം ചുററുപാടുകളിലായിരുന്നുവെന്ന് ഡോ. ശ്രീനിവാസ് ചൂണ്ടിക്കാട്ടി.

ഈ ചുററുപാടുകളിൽ പലതും ഇന്ന് ഇല്ലാതായിട്ടുണ്ട്. ഇന്നത്തെ രീതിയിലുള്ള സ്ത്രീധനസമ്പ്രദായത്തിന് സ്മൃതികൾ, ഇതിഹാസ–പുരാണങ്ങൾ മുതലായ ഹിന്ദുമതഗ്രന്ഥങ്ങളോ സമൂഹത്തിന്റെ സജീവങ്ങളായ പാരമ്പര്യവഴക്കങ്ങളോ സാധൂകരണം നൽകുന്നില്ല. ആ നിലക്കു്, നിയമപരമായ കർശനനടപടികൾ സ്വീകരിക്കുന്നപക്ഷം സ്ത്രീധനസമ്പ്രദായത്തെ പൂർണമായും നിരോധിക്കാനല്ലെങ്കിൽ അതിന്റെ ക്രൗര്യം കുറക്കാനെങ്കിലും കേന്ദ്രഗവണ്മെന്റിനു കഴിയുമെന്നതായിരുന്നു ഡോക്ടർ ശ്രീനിവാസന്റെ പ്രസംഗത്തിന്റെ കാര്യപ്രസക്തമായ സന്ദേശം.

സാമൂഹികപ്രവർത്തകരും സംഘടനകളും വേണ്ടത്ര സമ്മർദ്ദംചെലുത്തുന്നപക്ഷം കേന്ദ്രഗവണ്മെൻറ് ഈ രംഗത്തു് നിർണ്ണായക നടപടികൾ കൈക്കൊണ്ടുകൂടായ്കയില്ല.

19 നവംബർ, 1983

# 34. ബലാൽസംഗം

സ്ത്രീയോടു് പുരുഷനു ചെയ്യാവുന്ന ഏററവും ഹീനമായ പാതകമാണു് ബലാൽസംഗം. പക്ഷേ, സ്ത്രീയോടു പുരുഷൻ ചെയ്യുന്ന ഏററവും സാധാരണമായ കുററവും അതുതന്നെ. ഇന്ത്യയിൽ ഓരോ രണ്ടുമണിക്കൂറിലും ഒരു ബലാൽസംഗംവീതം നടക്കുന്നുണ്ടത്രേ.

ബലാൽസംഗം ഇത്ര സാധാരണമാണെങ്കിലും, ബലാൽസംഗക്കേസുകൾ കോടതികളിൽ എത്തുക അപൂർവ്വമാണു്. ബലാൽസംഗത്തെപ്പോലെ അത്ര വലിയ മറെറാരു മാനഹാനി സ്ത്രീക്കു് ഇല്ല. അതിനാൽ ബലാൽസംഗത്തിനു വിധേയയായ സ്ത്രീയോ, അവളുടെ കുടുംബമോ ഈ അതിക്രമത്തെപ്പററി പോലീസിൽ ആവലാതി ബോധിപ്പിക്കാനോ, അതിൻെറപേരിൽ കോടതി കയറാനോ തയ്യാറാവില്ല. ഏതെങ്കിലും വനിതാസംഘടനയോ, സാമൂഹ്യസ്ഥാപനമോ, പ്രേരിപ്പിക്കുകയും ക്രിയാത്മകമായി ഇടപെടുകയുംചെയ്യുമ്പോഴേ, സാധാരണനിലയിൽ ബലാൽസംഗം പോലീസ് ഡയറിയിലും തുടർന്നു് കോടതി റിക്കാർഡുകളിലും എത്തിച്ചേരാറുള്ളു.

ബഹുജനവിശ്വാസം പൊതുവെ ബലാൽസംഗക്കേസുകളിൽ പ്രതിക്കു് (പുരുഷനു്) അനുകൂലവും വാദിക്കു് (സ്ത്രീക്കു്) എതിരുമാണു്. ബലാൽസംഗത്തിനു വിധേയയായ സ്ത്രീ ദുർന്നടപടിക്കാരിയായിരിക്കണമെന്നത്രേ പൊതുജനത്തിൻെറ മുൻവിധി. സ്ത്രീകളുടെ മാദകമായ വസ്ത്രധാരണവും ചേഷ്ടകളും നിമിത്തം മതിമറന്നു്, താല്ക്കാലികമായ ഒരു ഉന്മാദാവസ്ഥയിലാണു് പുരുഷൻ ബലാൽസംഗം നടത്തുന്നതെന്നു് പരക്കെ വിശ്വസിക്കപ്പെടുന്നു. 'പുരുഷനെ ഉത്തേജിപ്പിക്കുമാറു് വസ്ത്രം ധരിച്ച ഓരോ സ്ത്രീയും ബലാൽസംഗം അർഹിക്കുന്നു' എന്നു് ഇന്ത്യയിൽ ഒരു സുപ്രീംകോടതി ജഡ്ജി കുറേമുമ്പു് പരസ്യമായി പ്രസ്താവിക്കുകയുണ്ടായി. ബലാൽസംഗത്തിനു തുനിയുന്ന പുരുഷനെ ചെറുക്കരുതെന്നാണു് സ്ത്രീകളെ പോലീസുകാർപോലും ഉപദേശിക്കുക. കാരണം ചെറുക്കുന്ന സ്ത്രീയുടെ ജീവൻ അപകടത്തിലായേക്കാം. അതേസമയം ചെറുത്തുനില്ക്കുന്ന ഒരു സ്ത്രീയെ ബലാൽസംഗത്തിനു കീഴ്പ്പെടുത്താൻ ഒരു പുരുഷനും കഴിവില്ലെന്നും, അതിനാൽ എല്ലാ ബലാൽസംഗങ്ങളും നടക്കുന്നതു് സ്ത്രീയുടെ സമ്മതത്തോടെയാണെന്നും വാദിക്കപ്പെടുകയുംചെയ്യുന്നു.

ബലാൽസംഗം നടന്നുവെന്നും, അതു് സ്ത്രീയുടെ സമ്മതത്തോടെയല്ലെന്നും കോടതിയിൽ തെളിയിക്കേണ്ടതു് ബലാൽസംഗത്തിനു വിധേയയായ സ്ത്രീയുടെ ചുമതലയാണു്. സാധാരണനിലയിൽ ബലാത്സംഗക്കുററത്തിനു് സാക്ഷികളെ കിട്ടാൻ വഴിയില്ലല്ലോ. സംഭവം നടന്നു കഴിഞ്ഞ ഉടനെ മെഡിക്കൽ പരിശോധന നടത്തുകയെന്നതു് ഇന്ത്യൻ പരിതഃസ്ഥിതികളിൽ, തീരെ പ്രായോഗികവുമല്ല.

ഇത്തരം കാരണങ്ങളാൽ ഇന്ത്യയിൽ ബലാൽസംഗങ്ങൾ പ്രായേണ ശിക്ഷിക്കപ്പെടാതെപോവുകയാണു് പതിവു്. അഞ്ചുവർഷം മുമ്പുമാത്രമാണു് ബലാൽസംഗത്തിനെതിരെ സംഘടിതമായ ഒരു പ്രസ്ഥാനം